# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1094** **06.02.2020 ൽ മറുപടിക്ക്**

### പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത നിർമ്മാണം

| ചോദ്യം<br>**ശ്രീ.കെ.യു. ജനീഷ് കുമാർ** | മറുപടി<br>**ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കോന്നി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; | (എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ കോന്നി നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന 26 കി.മീ. ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഇ.പി.സി മാതൃകയിൽ രണ്ട് പാക്കേജുകളായാണ് നടത്തുന്നത്. ഇതിൽ പത്തനാപുരം തുടങ്ങി കോന്നി റിപ്പബ്ലിക്കൻ സ്കൂൾ വരെയുള്ള പാക്കേജ് 8 എ യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടത്തിയെങ്കിലും ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോൺട്രാക്ടർക്ക് പ്രവൃത്തി അവാർഡ് ചെയ്തിട്ടില്ല. കോന്നി റിപ്പബ്ലിക്കൻ സ്കൂൾ തുടങ്ങി പ്ലാച്ചേരി വരെയുള്ള പാക്കേജ് 8 ബി യുടെ വർക്കുകൾ 22.08.2019-ൽ കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ വർക്കുകളും കോൺക്രീറ്റ് റെഡിമിക്സ് പ്ലാന്റുകളുടെ നിർമ്മാണവും നടന്നു വരുന്നു. |
| (ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നാണ് ആരംഭിക്കുന്നതെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും അറിയിക്കാമോ;<br>(സി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കി ഗതാഗതയോഗ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) & (സി) ഇ.പി.സി മാതൃകയിൽ നിർമ്മാണം ക്രമീകരിച്ചിട്ടുള്ള ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായുള്ള പ്രാരംഭ പ്രവൃത്തികളാണ് നിലവിൽ നടന്നു വരുന്നത്. ഈ റോഡിന്റെ പുനരുദ്ധാരണത്തിന് രണ്ട് വർഷമാണ് നിർമ്മാണ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**